(എഫ്) ഇത്തരം സ്ഥാപനങ്ങളിലെ മാനേജുമെന്റുകളുടെ ഇൻഎഫിഷ്യൻസി, സാമ്പത്തിക അച്ചടക്കമില്ലായ്മ എന്നിവ അവലോകന വിധേയമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ജി) സാമ്പത്തിക പരിഷ്കാരങ്ങളുടെ അടിസ്ഥാനത്തിൽ തുടരെ നഷ്ടത്തിലാകുന്ന വ്യവസായ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഗവൺമെന്റ് ഏതെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകളുടെ വിശദവിവരം പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി ആന്റ് ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരും ലാഭ നഷ്ടക്കണക്കുകളും അനുബന്ധമായി നൽകിയിട്ടുണ്ട്. †

(ഇ ആന്റ് എഫ്) സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. ഇത്തരം സ്ഥാപനങ്ങളിലെ മാനേജ്മെന്റിന്റെ പ്രവർത്തനം, സാമ്പത്തിക അച്ചടക്കമില്ലായ്മ എന്നിവ പരിശോധിക്കുന്നതിനായി വർഷംതോറും ആഡിറ്റുനടത്തിവരുന്നു. ഇതുകൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്യുന്നതിനായി പൊതുമേഖല വ്യവസായ പുനഃസംഘടനാ ബോർഡിനെ (റിയാബ്) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ജി) തുടരെ നഷ്ടത്തിലാകുന്ന വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സസൂക്ഷ്മം വിലയിരുത്തി എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട് പഠിച്ചു ഗവൺമെന്റ് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

115 [429] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) വി. ആർ. എസ്., സി.ആർ.എസ്., ഇ.എസ്.എസ്. തുടങ്ങി വിവിധ പദ്ധതികളിലൂടെ ഏതൊക്കെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളെ വെട്ടിക്കുറച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) സ്ഥാപനങ്ങളിൽ നിന്ന് പുറത്തായ ഈ തൊഴിലാളികൾക്കുമേൽ ഓരോ സ്ഥാപനങ്ങളിലും നൽകിയിട്ടുള്ള സഹായങ്ങൾ, നഷ്ടപരിഹാരം തുടങ്ങിയവ എന്തൊക്കെയാണ്;

(ഡി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ (ഇ.ആർ.സി.) ശുപാർശ അനുസരിച്ചാണോ തൊഴിലാളികളെ പുറത്താക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) ഇത് സംബന്ധിച്ച് ഇതുവരെയായി ഇ.ആർ.സി. എത്ര ശുപാർശകൾ സർക്കാറിന് നൽകിയിട്ടുണ്ട്; ഈ ശുപാർശകളിൽ ഓരോന്നിലും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) തൊഴിലാളികളെ പിരിച്ചുവിടുന്ന ഈ പദ്ധതികൾക്കായി സർക്കാർ ഇതുവരെ ചെലവഴിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ജി) ഇ. ആർ. സി. യുടെ ചെയർമാന് ഈ കാലയളവിൽ ശമ്പളം, അലവൻസ്, വീട്, കാർ, ടെലിഫോൺ, മറ്റു ബത്തകൾ, സ്റ്റാഫ് എന്നീ ഇനങ്ങളിലായി ചെലവഴിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ വാണിജ്യപരമായി മത്സരക്ഷമതയുള്ളതാക്കത്തക്ക വിധത്തിൽ പുനഃരുദ്ധരിക്കുന്നതിനായി സർക്കാർ ശ്രീ. ആർ. സി. ചൗധരി അദ്ധ്യക്ഷനായി എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി നൽകുന്ന പഠന നിർദ്ദേശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡും സംസ്ഥാന സർക്കാരും വിശദമായ പരിശോധനയ്ക്ക് ശേഷം അംഗീകരിക്കുന്നു. കഴിവതും സ്ഥാപനങ്ങളെ പൊതുമേഖലയിൽതന്നെ നിലനിർത്തി പുനഃരുദ്ധരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. കൂടാതെ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പുനരുദ്ധാരണവും സർക്കാർ ഉദ്ദേശിക്കുന്നു. ഈ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പിരിഞ്ഞുപോകേണ്ടിവരുന്ന ജീവനക്കാരെ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി ആന്റ് സി) 1994 മുതലുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുനരുദ്ധാരണം സംബന്ധിച്ച ഇ.ആർ.സി. യുടെ നിർദ്ദേശങ്ങളിന്മേൽ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായംകൂടി ലഭ്യമാക്കിയ ശേഷം സർക്കാർ തീരുമാനമനുസരിച്ചാണ് തൊഴിലാളികൾക്കു വി.ആർ.എസ്. നൽകുന്നത്.

(ഇ) മറുപടി അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(എഫ്) 8911.98 ലക്ഷം രൂപ.

(ജി) ഇ.ആർ. സി. യുടെ ചെയർമാനുവേണ്ടി ആഗസ്റ്റ് 2001 മുതൽ ഡിസംബർ 2003 വരെയുള്ള കാലയളവിൽ ശമ്പളയിനത്തിൽ 4,92,516 രൂപ, യാത്ര യ്ക്കായി 1,97,713 രൂപ, ടെലിഫോൺ ചെലവിനത്തിൽ 96,563 രൂപ, കാറിന്റെ ചെലവി നത്തിൽ 10,652 രൂപയും ചെലവായിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ധനസഹായം

116 [431] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഉണ്ട്;

(ബി) ഓരോ ജില്ലാ വ്യവസായ കേന്ദ്രവും മുഖാന്തിരം നാളിതുവരെ എത്ര പേർക്ക് പി.എം.ആർ.വൈ. പദ്ധതി പ്രകാരം ധനസഹായത്തിന് ശുപാർശ ചെയ്തി ട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം ശുപാർശ ചെയ്തതിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) മറ്റുള്ളവർക്ക് ധനസഹായം നൽകാതിരിക്കാൻ കാരണമെന്ത്;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം സ്വീകരിച്ച് എത്ര യൂണിറ്റുക ളാണ് കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(എഫ്) അവയുടെ പ്രവർത്തന പുരോഗതി വിലയിരുത്താൻ എന്തു സംവി ധാനമാണ് നിലവിലുള്ളത്?

ഉത്തരം

(എ) ആകെ 14 ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly